(ബി) ആർ.എം.എസ്.എ. നിലവിൽ വരുമ്പോൾ ഐ.ഇ.ഡി.എസ്.എസ്., എസ്.എസ്.എ. സ്കീമുകൾ നിലനിൽക്കുമോ ;

(സി) പുതിയ ശമ്പള പരിഷ്കരണ റിപ്പോർട്ട് പ്രകാരം എസ്.എസ്.എ. സ്കീമിനും ഐ.ഇ.ഡി.എസ്.എസ്. സ്കീമിലും ശമ്പളം ഉയർത്താൻ ആലോചിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ വിഷയത്തെപ്പറ്റി പഠിച്ച് തീരുമാനം കൈക്കൊള്ളുമോ ;

(ഡി) പുതിയ സ്കീം നിലവിൽ വരുമ്പോൾ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ നിയമന മാനദണ്ഡങ്ങൾക്കും വ്യത്യാസം വരുമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ എടുത്തുവരുന്നു.

(ബി) 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഐ.ഇ.ഡി.എസ്.എസ്. നിലനിൽക്കുകയും 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത പദ്ധതി ആർ.എം.എസ്.എ.-യിൽ കൂടി നടപ്പിലാക്കുമെന്നാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വിവരം. എസ്.എസ്.എ. പദ്ധതിയുടെ കാലാവധി തീരും വരെ പ്രസ്തുത പദ്ധതിയും നിലനിൽക്കുന്നതാണ്.

(സി) എസ്.എസ്.എ., ഐ.ഇ.ഡി.എസ്.എസ്. എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ടുമായി ഇവയ്ക്ക് ബന്ധമൊന്നുമില്ല. പ്രസ്തുത സ്കീമുകളിലെ ശമ്പളം ഉയർത്തുന്നത് കേന്ദ്ര സർക്കാർ പരിഗണിക്കേണ്ട വിഷയമാണ്.

(ഡി) ആർ.എം.എസ്.എ. പദ്ധതിയുമായി ബന്ധപ്പെട്ട് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ നിയമന മാനദണ്ഡങ്ങൾ മാറ്റുന്നകാര്യം പരിശോധിച്ചിട്ടില്ല.

എസ്.എസ്.എൽ.സി. പരീക്ഷ കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

11(700) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ചോദ്യപേപ്പർ അച്ചടി, ചോദ്യപേപ്പർ വിതരണം എന്നിവ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) മൂല്യനിർണ്ണയം കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 2011 മാർച്ചിൽ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പരീക്ഷാ കേന്ദ്രങ്ങളിൽ ചീഫ് സൂപ്രണ്ടുമാരേയും ഡപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരേയും നിയമിച്ചു കഴിഞ്ഞു. ഇൻവിജിലേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൈക്കൊണ്ടു വരുന്നു. പരീക്ഷാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ അനുവദിച്ചു കഴിഞ്ഞു. അഡ്മിഷൻ ടിക്കറ്റ് ഫെബ്രുവരി 16 മുതൽ വിതരണം ചെയ്യുന്നതാണ്.

(ബി) ഉണ്ട്. പരീക്ഷാ കലണ്ടർ അക്കാദമിക് കലണ്ടറിൽ ഉൾച്ചേർത്താണ് പ്രസിദ്ധീകരിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയുടെ ടൈംടേബിൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയത്തിനായി സംസ്ഥാനത്തൊട്ടാകെ 54 മൂല്യനിർണ്ണയ ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം 1-4-2011-ൽ ആരംഭിക്കുന്നതാണ്. മൂല്യനിർണ്ണയം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉത്തരക്കടലാസ്സുകളുടെ എണ്ണത്തിനനുസരിച്ച് അഡീഷണൽ ചീഫ് എക്സാമിനർമാരേയും അസിസ്റ്റന്റ് ചീഫ് എക്സാമിനർമാരേയും നിയമിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. മാർച്ച് മാസം 10-ാം തീയതിക്കുമുമ്പായി നിയമന ഉത്തരവ് നൽകുന്നതാണ്. മൂല്യ നിർണ്ണയത്തിന് മുമ്പുള്ള സ്കീം ഫൈനലൈസേഷൻ ക്യാമ്പുകൾ മാർച്ച് 28, 29, 30 തീയതികളിൽ 11 കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും തൊട്ടടുത്ത ദിവസം മുതൽ തന്നെ മാർക്ക് ലിസ്റ്റുകൾ പരീക്ഷാ ഭവനിൽ ലഭിക്കുന്നതിനും ടാബുലേഷൻ നടപടികൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly